**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2921** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ പ്ലസ് വൺ മുതൽ മുകളിലോട്ടുള്ള വിവിധ കോഴ്സുകൾക്ക് ചേർന്നതിനുശേഷം പഠനം ഉപേക്ഷിച്ച പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമെന്ന് കോഴ്സ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നത് ഇ ഗ്രാന്റ്സ് പോർട്ടൽ വഴിയാണ്. പഠനം ഉപേക്ഷിച്ച് പോകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ സംവിധാനമില്ല. 2023-24 മുതല് സ്ഥാപനതലത്തിൽ വിദ്യാഭ്യാസ പുരോഗതിയുടെ ഗുണനിലവാരം ശേഖരിക്കുന്നതിനായി കോഴ്സ് കാലാവധി കഴിയുന്ന മുറക്ക് വിദ്യാർത്ഥികളുടെ പാസ് ഔട്ട്, ഡ്രോപ് ഔട്ട്, വിജയശതമാനം എന്നിവ രേഖപ്പെടുത്തുന്നതിന് ക്രമീകരികരണം നടത്തുന്നതാണ്. |
| (ബി) | സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനത്തിൽ നീക്കിവെച്ചിരുന്ന തുക എത്രയാണെന്നും ഇതിൽ ഓരോ വർഷവും വകുപ്പ് ചെലവഴിച്ച തുക എത്ര വീതമാണെന്നും അറിയിക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | പ്രസ്തുത തുകയിൽ നിന്നാണോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാൻഡ് തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാൻഡ് മുടക്കം വന്നിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് തുക മുടങ്ങാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത തുകയിൽ നിന്നാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാൻഡ് തുക അനുവദിക്കുന്നത്. 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയത് മൂലം സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായി. |

| | | | |
|---|---|---|---|
| | | | സാങ്കേതിക സഹായം ലഭിച്ച ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. ഇപ്രകാരം 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ നൽകിയ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ 145.19കോടി രൂപ സ്കോളർഷിപ്പിനായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ ശേഷിക്കുന്ന ക്ലെയിമുകൾക്ക് ഡയറക്ടർ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനു അനുമതി നൽകി. ഈ തുക അനുവദിച്ച് വരുന്നു. അധികമായി ആവശ്യം വരുന്ന തുക റീ അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ഡി) | കണ്ണൂർ സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് പാലയാട് ക്യാമ്പസിലെ രാഹുൽ ജി. എന്ന നിയമ വിദ്യാർത്ഥിയുടെ ഇ-ഗ്രാൻഡ് മുടങ്ങിയത് മൂലം ഫീസ് അടയ്ക്കാനാകാതെ റിസൾട്ട് തടഞ്ഞതായി സമൂഹ മാധ്യമങ്ങളിൽ വന്ന പോസ്റ്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കണ്ണൂർ സർവ്വകലാശാല ഡോ.ജാനകി അമ്മാൾ ക്യാമ്പസിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ നിയമ വിദ്യാർത്ഥിയായിരുന്ന രാഹുൽ .ജി. എൽ.എൽ.ബി. രണ്ടാം വർഷമാണ് ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിച്ചത് . വിദ്യാർത്ഥി ഒന്നാം വർഷം (2018-19) അപേക്ഷ നൽകിയിട്ടില്ല. യൂണിവേഴ്സിറ്റിയിൽ പരീക്ഷാഫലം തടഞ്ഞുവക്കുന്ന സാഹചര്യമുണ്ടായപ്പോൾ ഡിപ്പാർട്ട്മെന്റ് മുഖേന ഒന്നാം വർഷ അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പലതവണ അപേക്ഷ സമർപ്പിക്കുന്നതിന് വിദ്യാർത്ഥിയെ അറിയിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥിയുടെ ഭാഗത്ത് നിന്ന് യാതൊരുവിധ മറുപടിയും ലഭ്യമായിട്ടില്ല. പ്രസ്തുത വിദ്യാർത്ഥിക്കു രണ്ടാം വർഷം മുതൽ 5-ാം വർഷം വരെയുള്ള സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിന് 2-ാം വർഷം മുതൽ 4-ാം വർഷം വരെയുള്ള ഫീസ് അനുവദിച്ചിട്ടുണ്ട്. 5-ാം വർഷത്തെ ഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ഇ) | സർക്കാർ ധനസഹായം ഉണ്ടാകുമെന്ന | (ഇ) | 2021-22 അധ്യയന വർഷം മുതൽ |

| | | | |
|---|---|---|---|
| | പ്രതീക്ഷയിൽ പഠനം ആരംഭിച്ച ശേഷം ഫീസ് അടയ്ക്കാനും മറ്റ ചെലവുകൾക്ക് പണം കണ്ടെത്താനും കഴിയാതെ സമൂഹത്തിന് മുന്നിൽ തലകുനിക്കേണ്ടി വരികയും സാമ്പത്തികവും മാനസികവുമായ സമ്മർദ്ദത്തിൽപ്പെടുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ഇ-ഗ്രാൻഡ് മുടങ്ങുന്നതുമൂലം പഠനം അവസാനിപ്പിക്കേണ്ടി വരുന്നത് പരിശോധിച്ചിട്ടുണ്ടോ; | | വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധനയും ആയതിനുള്ള സാങ്കേതിക സഹായം നൽകുവാൻ താമസിച്ചതുമാണ് സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായിട്ടുള്ളത്. 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. 145.19കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചു. വിതരണം ചെയ്യാൻ ശേഷിക്കുന്ന ക്ലെയിമുകൾക്ക് ഡയറക്ടർ ആവശ്യപ്പെട്ട അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിച്ചില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേന്ദ്രവിഹിതം (75%) ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്ത് വരുന്നു. കൂടാതെ അധികമായി ആവശ്യം വരുന്ന തുക റീ അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നു. പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | എങ്കിൽ ഈ വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും ഗ്രാന്റ് മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനും എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (എഫ്) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധനയും ആയതിനുള്ള സാങ്കേതിക സഹായം നൽകുവാൻ താമസിച്ചതുമാണ് സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായിട്ടുള്ളത്. 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. 145.19കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചു. വിതരണം ചെയ്യാൻ ശേഷിക്കുന്ന ക്ലെയിമുകൾക്ക് ഡയറക്ടർ ആവശ്യപ്പെട്ട അധിക തുകയ്ക്കുള്ള |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിച്ചില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേന്ദ്രവിഹിതം (75%) ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്ത് വരുന്നു. കൂടാതെ അധികമായി ആവശ്യം വരുന്ന തുക റീ അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നു. പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ